"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഊർജ്ജ വകുപ്പ് - ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് - കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ലുബ്ന എം-ന്റെ തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിലെ (Deep Brain Stimulation Surgery) ചികിത്സക്കായി 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഊർജ്ജ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.70/2025/POWER തീയതി,തിരുവനന്തപുരം, 03-04-2025

---

പരാമർശം:-
1. സ.ഉ.(അച്ചടി)നം.100/2024/ധന, തീയതി 22.11.2024.
2. ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ലുബ്ന എം-ന്റെ 28.11.2024 തീയതിയിലെ അപേക്ഷ.
3. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ 12.12.2024 തീയതിയിലെ സി.ഇ.ഐ./6424/2024/എ2 നമ്പർ കത്ത്.

**ഉത്തരവ്**

ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിലെ കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ലുബ്ന എം-ന് തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് & ടെക്നോളജിയിൽ വച്ച് നടത്തുന്ന പാർക്കിൻസൺസ് രോഗവുമായി ബന്ധപ്പെട്ട Deep Brain Stimulation Surgery ചികിത്സക്കായി 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ അനുവദിക്കണമെന്ന ടിയാളുടെ പരാരമശം 2)ലെ അപേക്ഷയിന്മേൽ തുടർനടപടികൾ സ്വീകരിക്കാൻ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ പരാമർശം 3) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് വകുപ്പിൽ കൊല്ലം ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കാര്യാലയത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി.ലുബ്ന എം-ന്റെ(പെൻ നം. 738591, ജനന തീയതി - 09.02.1982) തിരുവനന്തപുരം ശ്രീചിത്ര തിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ

സയൻസസ് & ടെക്നോളജിയിലെ (Deep Brain Stimulation Surgery) ചികിത്സയ്ക്കായി, 17,50,000/- രൂപ (പതിനേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) പലിശ രഹിത ചികിത്സാ വായ്പ പരാമർശം 1.ലെ സർക്കാർ ഉത്തരവിലെ ഖണ്ഡിക-vi പ്രകാരവും ഇതുമായി ബന്ധപ്പെട്ട നിലവിലെ സർക്കാർ ഉത്തരവുകൾ / പരിപത്രങ്ങൾ എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും അനുവദിച്ച് ഉത്തരവാകുന്നു.

3) ഇതുമായി ബന്ധപ്പെട്ട ചെലവ് "7610-00-800-95(02)" എന്ന ശീർഷകത്തിൽ (2025-2026 സാമ്പത്തിക വർഷം) നിന്നും വഹിക്കേണ്ടതാണ്. ഇപ്രകാരം അനുവദിച്ച 17,50,000/- രൂപയുടെ പലിശ രഹിത ചികിത്സാ വായ്പ, ശ്രീമതി.ലുബ്ന എം സമർപ്പിക്കേണ്ട മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് ക്ലെയിമിൽ ക്രമപ്പെടുത്തേണ്ടതും വായ്പത്തുക പൂർണ്ണമായും ക്രമപ്പെടുത്തിയശേഷവും അനുവദനീയമായ ചികിത്സാചെലവ് ശേഷിക്കുന്നുണ്ടെങ്കിൽ ആ തുക KGSMA ചട്ടങ്ങൾ പ്രകാരമുള്ള ചികിത്സാ ചെലവിന്റെ പ്രതിപൂരണമായി അനുവദിക്കുന്നതാണ്. ബന്ധപ്പെട്ട മെഡിക്കൽ ഓഫീസർ മേലൊപ്പിട്ട ഉപയുക്തതാ സർട്ടിഫിക്കറ്റ് പ്രസ്തുത വായ്പ കൈപ്പറ്റുന്ന തീയതി മുതൽ 3 മാസത്തിനകം അപേക്ഷക ഹാജരാക്കേണ്ടതാണ്. ചികിത്സയ്ക്ക് ചെലവായ തുക കിഴിച്ച് ബാക്കി തുകയുണ്ടെങ്കിൽ മേൽ പ്രകാരമുള്ള ഉപയുക്തതാ കാലയളവ് പൂർത്തിയായതിന്റെ തൊട്ടടുത്ത ദിവസം തന്നെ ട്രഷറിയിൽ ഒടുക്കി ചെലാൻ അപേക്ഷക ലഭ്യമാക്കേണ്ടതും, പലിശരഹിത ചികിത്സാ വായ്പ ധനവകുപ്പിന്റെ അനുമതിയോടെ 3 മാസത്തിനകം ക്രമപ്പെടുത്തേണ്ടതുമാണ്. അല്ലാത്ത പക്ഷം, മേൽ വ്യവസ്ഥകളിൽ ക്രമീകരണ അപേക്ഷ യഥാസമയം സമർപ്പിക്കാത്ത കേസുകളിൽ മുഴുവൻ വായ്പാ തുകയ്ക്കും, യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവിന് ശേഷമുള്ള അവശേഷിക്കുന്ന തുക യഥാസമയം തിരിച്ചടയ്ക്കാത്ത കേസുകളിൽ പ്രസ്തുത തുകയ്ക്കും 12% നിരക്കിൽ പലിശ വായ്പക്കാരനിൽ നിന്നും ഈടാക്കുന്നതാണ്. പ്രസ്തുത പലിശ രഹിത ചികിത്സാവായ്പ തുക ദുരുപയോഗപ്പെടുത്തുകയോ ഉപയോഗപ്പെടുത്താതിരിക്കുകയോ ചെയ്യുന്ന പക്ഷം ആയത് മൊത്തമായി തിരിച്ചു പിടിക്കുന്നതാണ്. കൂടാതെ, വായ്പാക്കാരനെതിരെ അച്ചടക്ക നടപടിയും സ്വീകരിക്കുന്നതാണ്. പ്രസ്തുത വായ്പ വിതരണം ചെയ്യുന്നതിന് മുൻപായി വായ്പ തുക, വായ്പ അനുവദിച്ച ഉത്തരവിന്റെ നമ്പറും തീയതിയും ഉൾപ്പെടെയുള്ള വിവരങ്ങൾ വായ്പക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്. വായ്പ കൈപ്പറ്റാതിരിക്കുകയോ, റദ്ദു ചെയ്യപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത വിവരം സർക്കാരിനെ കൃത്യമായും അറിയിക്കേണ്ടതാണ്. കൂടാതെ, മേപ്പടി പലിശ രഹിത ചികിൽസാ വായ്പ ക്രമീകരിക്കുന്നതിനായി പലിശ രഹിത ചികിൽസാ വായ്പയ്ക്ക് അപേക്ഷ സമർപ്പിച്ച തീയതി മുതൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ട കാലയളവ് വരെയുള്ള ചികിൽസയുടെ ബില്ലുകൾ മാത്രമേ സമർപ്പിക്കാവൂ എന്നും, അപ്രകാരമുള്ള ഉപയുക്തതാ സർട്ടിഫിക്കറ്റ് മാത്രമേ

ലഭ്യമാക്കാവൂ എന്നും കൂടാതെ വായ്പ കൈപ്പറ്റിയ തീയതി കൂടി ലഭ്യമാക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**PREETHY C S**

ജോയിന്റ് സെക്രട്ടറി

ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, തിരുവനന്തപുരം.
ഇലക്ട്രിക്കൽ ഇൻസ്പെക്ടർ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ജില്ലാ കാര്യാലയം, കൊല്ലം. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ശ്രീമതി.ലുബ്ന എം, ഓഫീസ് അറ്റൻഡന്റ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് ജില്ലാ കാര്യാലയം, കൊല്ലം. (ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, കൊല്ലം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ & ഇ), കേരള, തിരുവനന്തപുരം.
ആരോഗ്യ കുടുംബക്ഷേമ (ജി) വകുപ്പ് [ജി2/1264/2025-ഹെൽത്ത് തീയതി: 28.03.2025].
ധനകാര്യ (ലോൺസ്) വകുപ്പ് [3107940/ലോൺസ് -എൽ3/33/2025-ഫിൻ തീയതി: 02.04.2025]
കരുതൽ ഫയൽ // ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Manoj S
Date: 04-04-2025 11:20:16
സെക്ഷൻ ഓഫീസർ.